ഉത്തരം

(എ) 2006-07 മുതൽ അധിക ഡിവിഷനുകളിൽ ഏർപ്പെടുത്തിയിരുന്ന നിയമന നിയന്ത്രണം, 12/1/10-ലെ ജി.ഒ.(പി) 10/10/പൊ.വി.വ. സർക്കാർ ഉത്തരവ് പ്രകാരം പിൻവലിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.

(ബി) നിയമനാംഗീകാരം ലഭിക്കാനുള്ള അദ്ധ്യാപകരുടെയും നിയമനാംഗീകാരം ലഭിച്ചവരുടെയും വിവരം ശേഖരിച്ചു നൽകുന്നതാണ്. അംഗീകാരം നല്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുന്ന ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുണ്ട്.*

"അദ്ധ്യാപകരുടെ നിയമനാംഗീകാരവുമായി ബന്ധപ്പെട്ട ഹൈക്കോടതി വിധി"

49 (3795) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എയ്ഡഡ് സ്കൂൾ മേഖലയിലെ അദ്ധ്യാപകരുടെ നിയമനാംഗീകാരവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന പ്രശ്നങ്ങൾ സംബന്ധിച്ച 11-6-2010-ലെ ഡബ്ല്യു.എ 95/2010 നമ്പർ ഹൈക്കോടതി വിധിയിൽ ചൂണ്ടിക്കാട്ടിയിട്ടുള്ള കാര്യങ്ങൾ എന്തൊക്കെയാണ് ;

(ബി) കോടതി നിർദ്ദേശം നടപ്പിലാക്കുന്നതുമൂലം നിയമനം ലഭിക്കുന്ന എല്ലാ എയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്കും കാലതാമസം കൂടാതെ ശമ്പളം ലഭിക്കുമെന്നതും അനേകം കോടതി വ്യവഹാരങ്ങളും അപ്പീലുകളും ഒഴിവാക്കാമെന്നതും ഇതുമൂലം സമൂഹത്തിനും സർക്കാരിനുമുണ്ടാകുന്ന സാമ്പത്തിക നഷ്ടം ഒഴിവാക്കാമെന്നതും പരിഗണിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ) എയ്ഡഡ് സ്കൂൾ മേഖലയിൽ നിയമനം ലഭിക്കുന്ന അദ്ധ്യാപകർക്ക് യഥാസമയം നിയമനാംഗീകാരം ലഭിക്കാത്തതിനുള്ള കാരണങ്ങളും ബന്ധപ്പെട്ട പ്രശ്നങ്ങളുമാണ് 11.06.2010-ലെ ഹൈക്കോടതി ഉത്തരവിൽ പരാമർശിച്ചിട്ടുള്ളത്. നിയമനം ലഭിച്ച് വർഷങ്ങളായിട്ടും അംഗീകാരം ലഭിക്കാതെയും, അംഗീകാരം നിഷേധിച്ചതുമായ നിരവധി കേസുകൾ ഹൈക്കോടതി മുമ്പാകെ നിലവിലുണ്ടെന്നും, വർഷങ്ങളായി നിയനാംഗീകാരം ലഭിക്കാതെ വരുന്ന നിർഭാഗ്യരായ നിരവധി അദ്ധ്യാപകരെ ഒഴിവാക്കപ്പെടാവുന്ന വ്യവഹാരങ്ങളിലേയ്ക്ക് വലിച്ചിഴയ്ക്കപ്പെടുന്ന അവസ്ഥയാണ് നിലവിലുള്ളതെന്നും, തസ്തിക ഇല്ലാതെയും ഉള്ളവ എപ്രകാരം നികത്തപ്പെടണമെന്നുള്ള വ്യവസ്ഥകൾ പാലിക്കാതെയും മാനേജർമാർക്ക് മുൻകൂർ നിയമനം നടത്താൻ അനുമതി നൽകുന്ന കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം XIV എ യിലെ ചട്ടങ്ങൾ 7-ഉം 8-ഉം നിലനിൽക്കുന്നതാണ് ഇപ്രകാരമുള്ള ഒരു സ്ഥിതിവിശേഷം സംജാതമാകുന്നതിന് അടിസ്ഥാന കാരണമാകുന്നതെന്നും, ആയതിനാൽ പ്രസ്തുത ചട്ടങ്ങൾ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അസാധുവാക്കേണ്ടതാണെന്നും നിയമനത്തിനുമുമ്പായി മാനേജർമാർ മുൻകൂർ അനുമതി നേടിയിരിക്കണമെന്നും അങ്ങനെ നിയമനത്തോടൊപ്പം അംഗീകാരവും ലഭിക്കത്തക്കവിധത്തിൽ ചട്ടങ്ങളിൽ ഭേദഗതി വരുത്തണമെന്നും പ്രസ്തുത ഉത്തരവിൽ കോടതി അഭിപ്രായപ്പെട്ടിട്ടുണ്ട്. കുട്ടികളെ പഠിപ്പിക്കുന്നതിന് അദ്ധ്യാപകർ ഉണ്ടാകണമെന്ന ധാരണയാണ് ഇപ്പോഴത്തെ വ്യവസ്ഥ തുടരുന്നതിന് കാരണമായി കണക്കാക്കുന്നതെങ്കിലും ഭൂരിഭാഗം ഒഴിവുകളും പ്രത്യേകിച്ച് വിരമിക്കൽ മൂലമുണ്ടാകുന്നവ മുൻകൂട്ടി കണക്കാക്കി നടപടി സ്വീകരിക്കാവുന്നതാണെന്നും, ഭൂരിഭാഗം എയ്ഡഡ് സ്കൂൾ മാനേജർമാരും നിയമനങ്ങൾക്ക് വലിയ തുകകൾ ഉദ്യോഗാർത്ഥികളിൽ നിന്നും വാങ്ങുന്നുണ്ടെന്ന ഹീനമായ വസ്തുതയാണ് സ്കൂൾ നടത്തിപ്പിനും പുതിയ സ്കൂളുകൾ തുടങ്ങുന്നതിനും മാനേജ്മെന്റുകൾക്ക് പ്രേരണ നൽകുന്നതെന്നും കോടതി നിരീക്ഷിച്ചിട്ടുണ്ട്. ആയതുകൊണ്ട് നിയമനത്തിന് മുമ്പ് മാനേജർമാർ മുൻകൂർ അനുമതി വാങ്ങിയിരിക്കണമെന്ന വ്യവസ്ഥ കൊണ്ടുവരണമെന്ന നിലയ്ക്ക് ചട്ടങ്ങളിൽ ഭേദഗതി വരുത്തണമെന്ന് കോടതി അഭിപ്രായപ്പെട്ടിട്ടുണ്ട്.

(ബി) ഈ വസ്തുതകൾ പരിശോധിച്ചു വരുന്നു.

ഉന്നതവിദ്യാഭ്യാസ രംഗത്ത് കൂടുതൽ കോളേജുകളും കോഴ്സുകളും അനുവദിക്കാൻ നടപടി

50 (3797) ശ്രീ. കെ. ബി. ഗണേഷ് കുമാർ :
ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സംബന്ധിച്ച സർക്കാരിന്റെ നയം വ്യക്തമാക്കുമോ ;

(ബി) ഉന്നതവിദ്യാഭ്യാസ രംഗത്ത് സർക്കാർ മേഖലയിലും സ്വാശ്രയ മേഖലയിലും കൂടുതൽ കോളേജുകൾ അനുവദിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ബന്ധപ്പെട്ട റഗുലേറ്ററി ബോഡിയുടെ അംഗീകാരവും ബന്ധപ്പെട്ട യൂണിവേഴ്സിറ്റിയുടെ അഫിലിയേഷൻ സംബന്ധിച്ച താൽക്കാലിക അംഗീകാരമോ, സമ്മതപത്രമോ സമ്പാദിച്ചതിനുശേഷം ഗവൺമെന്റിനെ സമീപിക്കുന്ന സ്വാശ്രയ സ്ഥാപനങ്ങൾക്ക് ഉഭയകക്ഷി ധാരണപ്രകാരം കരാറിൽ ഏർപ്പെടുന്ന പക്ഷം സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കാൻ അനുവാദം നൽകാം എന്നതാണ് സർക്കാരിന്റെ നയം.

(ബി) അമ്പലപ്പുഴയിൽ 2010-11 അദ്ധ്യയന വർഷം ഒരു പുതിയ സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജ് തുടങ്ങാൻ അനുവാദം നൽകിയിട്ടുണ്ട്. സ്വാശ്രയ മേഖലയിൽ മുകളിൽ പറഞ്ഞ വ്യവസ്ഥകൾക്കു വിധേയമായി കോളേജുകൾ തുടങ്ങാൻ അനുവാദം നൽകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly